## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3401 — 10.12.2018-ൽ മറുപടിക്ക്

### ഓഖി ദുരന്തത്തിൽ പരിക്കേറ്റവർക്കുള്ള സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിൽ പരിക്കേറ്റവരുടെയും ജീവനോപാധികൾ നഷ്ടപ്പെട്ട് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്തവരുടെയും വ്യക്തമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഓഖി ദുരന്തത്തിൽ പരിക്കേറ്റ എല്ലാ മത്സ്യത്തൊഴിലാളികളുടെയും ജീവനോപാധികൾ നഷ്ടപ്പെട്ട് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്തവരുടെയും പൂർണ്ണ വിവരം ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത ദുരന്തത്തിൽ പരിക്കുപറ്റി ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന 219 മത്സ്യത്തൊഴിലാളികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുകയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും മൊത്തം 10,60,000/- രൂപയുടെ അടിയന്തിര ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ദുരന്തത്തിനിരകളായവരിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കാനും മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകി മത്സ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | ഓഖി ദുരന്തത്തിൽ പരിക്കുപറ്റി ചികിത്സ വേണ്ടി വന്ന അർഹരായ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും മത്സ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി അനുസരിച്ചുള്ള ചികിത്സാ ധനസഹായം മത്സ്യബോർഡ് മുഖേന നൽകി വരുന്നു. കൂടാതെ അപകടം മൂലം പൂർണ്ണമായോ ഭാഗികമായോ അവശത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അർഹതയുടെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് ധനസഹായം ലഭ്യമാക്കുന്നുണ്ട്.<br>ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട 380 മത്സ്യത്തൊഴിലാളികൾക്കായി നഷ്ടപരിഹാരമായി ഒന്നു മുതൽ അഞ്ച് വരെ ഘട്ടങ്ങളിലായി ആകെ 6,76,85,739/-(ആറ് കോടി എഴുപത്തി ആറ് ലക്ഷത്തി എൺപത്തിഅയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) രൂപ വിതരണം ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ